## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6501 9/07/2014-ൽ മറുപടിക്ക്

# ഷോക്കേറ്റ് മരിക്കുന്നവരുടെ ആശ്രിതർക്കുള്ള നഷ്ടപരിഹാരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ലൂഡി ലൂയിസ്<br>,, അൻവർ സാദത്ത്<br>,, എ.റ്റി.ജോർജ്ജ്<br>,, വി.ഡി. സതീശൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വൈദ്യുതി ലൈനിൽ നിന്ന് ഷോക്കേറ്റ് മരിക്കുന്നവരുടെ ആശ്രിതർക്ക് എന്തെല്ലാം നഷ്ടപരിഹാരങ്ങളാണ് വൈദ്യുതി ബോർഡ് നൽകി വരുന്നത്; വിശദമാക്കുമോ; | (എ)സംസ്ഥാനത്ത് വൈദ്യുതി അപകടങ്ങളിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്ക് താഴെ പറയുന്ന ആനുകൂല്യങ്ങൾ നല്കിവരുന്നു.<br>***1). ബോർഡ് ജീവനക്കാർ***<br>1.പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായ നഷ്ടപരിഹാരം 3,97,480/- രൂപ മുതൽ 9,14,160/-രൂപ വരെ.<br>2.ശവസംസ്കാര ചെലവിനായി **5,000/-** രൂപ.<br>3.കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് തൊഴിലാളി ക്ഷേമനിധിയിൽ നിന്നും മരണാനന്തര ആനുകൂല്യമായി **5 ലക്ഷം** രൂപ.<br>4.2011-ലെ ദീർഘകാല കരാറിലെ വ്യവസ്ഥകൾക്ക് വിധേയമായി വിവിധ ആശുപത്രികളിലെ ചികിത്സയ്ക്ക് വേണ്ടിവരുന്ന പൂർണ്ണമായ ചികിത്സാചെലവ്.<br>5.സംസ്ഥാന സർക്കാരിന്റെ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം **10 ലക്ഷം** രൂപ ഇൻഷ്വറൻസ് പദ്ധതിയുടെ നിബന്ധനകൾക്ക് വിധേയമായി സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭിക്കുന്നു. |

(. . . . 2)

6. അപകട മരണം സംഭവിക്കുന്ന ജീവന ക്കാരന്റെ അനന്തരാവകാശികളിൽ ഒരാൾക്ക് വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാന ത്തിൽ വ്യവസ്ഥകൾക്ക് വിധേയമായി ആശ്രിത നിയമനം

## 2. കരാർ തൊഴിലാളികൾ

മൂന്ന് ലക്ഷം രൂപയിൽ കവിയാത്ത അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന ചെറുകിട കരാറുകാരുടെ കീഴിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് ജോലിക്കിടെ അപകടമരണം സംഭവിക്കുകയാണെങ്കിൽ 1923-ലെ തൊഴിലാളി നഷ്ടപരിഹാരനിയമം അനുസരിച്ച് താഴെപറയുന്ന ആനുകൂല്യങ്ങൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിന്നും നല്കിവരുന്നു.

1. പ്രായത്തിനും മാസവേതനത്തിനും ആനുപാതിക മായ നഷ്ടപരിഹാരം 3,97,480/-രൂപ മുതൽ 9,14,160/- രൂപ വരെ
2. ശവസംസ്കാര ചെലവിനായി 5,000/- രൂപ

മൂന്ന് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരുടെ കീഴിൽ ജോലിചെയ്യുന്ന തൊഴിലാളി കൾക്ക് ജോലിക്കിടെ അപകടമോ അപകടമരണമോ സംഭവിക്കുകയാണെങ്കിൽ നഷ്ടപരിഹാരം നല്കുന്ന തിനുള്ള പൂർണ്ണമായ ഉത്തരവാദിത്തം കരാറുകാര നായിരിക്കും. മൂന്ന് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരൻ അയാളുടെ കീഴിലുള്ള തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തേണ്ടതാണ്.

## 3. പൊതുജനങ്ങൾ

വൈദ്യുതി അപകടങ്ങളിൽ മരണപ്പെടുന്ന പൊതു ജനങ്ങളുടെ അനന്തരാവകാശികൾക്ക് "വൈദ്യുതി സുരക്ഷാ പദ്ധതി' പ്രകാരമുള്ള ആശ്വാസ ധന സഹായമായി **ഒരു ലക്ഷം** രൂപ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിന്നും

(.....3)

നല്കിവരുന്നു.

| | |
|---|---|
| (ബി) അപകടങ്ങളുമായി ബന്ധപ്പെട്ട് വ്യവഹാരത്തിന് പോകാത്തവർക്ക് ഒരു നിശ്ചിത തുക ധനസഹായമായി അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ;<br><br>(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | **(ബി) യും (സി) യും**<br>ബോർഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്ന പൊതുജനങ്ങളുടെ ആശ്രിതർക്ക് അവർ നീതിന്യായ കോടതികൾ ഉൾപ്പടെയുള്ള ഫോറങ്ങളിൽ വ്യവഹാരത്തിന് പോകുകയില്ല എന്ന് രേഖാമൂലം ഉറപ്പുതരുന്ന ക്ലെയിമുകളിൽ നഷ്ടപരിഹാരതുകയായി പരമാവധി **5 ലക്ഷം** രൂപ വ്യവസ്ഥകൾക്ക് വിധേയമായി അനുവദിക്കുന്ന വിഷയം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ